# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഏപ്രിൽ 12

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

സ്‌കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആന്റ് പൊളിറ്റിക്‌സിലെ ഒന്നാം സെമസ്റ്റർ റഗുലർ/സപ്ലിമെന്ററി എം.എ. പൊളിറ്റിക്‌സ് ആന്റ് ഇന്റർനാഷണൽ റിലേഷൻസ്, പൊളിറ്റിക്‌സ് ആന്റ് ഹ്യൂമൻ റൈറ്റ്‌സ് ആന്റ് പബ്ലിക് പോളിസി ആന്റ് ഗവേണൻസ് പരീക്ഷകൾ ഏപ്രിൽ 20 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 15 വരെയും 710 രൂപ പിഴയോടെ ഏപ്രിൽ 16 വരെയും 1160 രൂപ സൂപ്പർഫൈനോടെ ഏപ്രിൽ 19 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/436/2021)

സ്‌കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ ഒന്നാം സെമസ്റ്റർ എം.ഫിൽ എക്‌സ്റ്റേണൽ (സി.എസ്.എസ്.) 2019-20 പരീക്ഷകൾ ഏപ്രിൽ 23 മുതൽ ആരംഭിക്കും. പിഴയില്ലാതെ ഏപ്രിൽ 20 വരെയും പിഴയോടെ ഏപ്രിൽ 21 വരെയും സൂപ്പർഫൈനോടെ ഏപ്രിൽ 22 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/437/2021)

## പരീക്ഷഫലം

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. പൊളിറ്റിക്കൽ സയൻസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 24 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/438/2021)

## സർവകലാശാല യൂണിയൻ ചുമതലയേറ്റു

മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ (2019-20) സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസ് സത്യവാചകം ചൊല്ലിക്കൊടുത്തു. ചെയർമാൻ വസന്ത് ശ്രീനിവാസൻ (സ്‌കൂൾ ഓഫ് ബയോസയൻസസ്), ജനറൽ സെക്രട്ടറി വിപിൻ പി.എസ്. (ദേവസ്വം ബോർഡ് കോളേജ്, കീഴൂർ), വൈസ് ചെയർപേഴ്‌സൺമാരായ രതീഷ് തോമസ് (ദേവമാതാ കോളേജ്, കുറവിലങ്ങാട്), സ്റ്റെനി മേരി എബ്രഹാം (സെന്റ് തോമസ് കോളേജ്, റാന്നി), ടോണി കുര്യാക്കോസ് (ഗവൺമെന്റ് കോളേജ്, കട്ടപ്പന), ജോയിന്റ് സെക്രട്ടറിമാരായ ദിൽ സുനിൽ (എസ്.എൻ.എം. കോളേജ്, മാല്യങ്കര), സിബി സി.എസ്. (എസ്.എൻ.ഡി.പി.യോഗം ട്രെയിനിംഗ് കോളേജ്, അടിമാലി), എക്‌സിക്യൂട്ടീവ് കമ്മിറ്റി, അക്കൗണ്ട്‌സ് കമ്മിറ്റി അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തു. ഡോ. ബിജു എം.കെ., ഡയറക്ടർ, ഡി.എസ്.എസ്. സ്വാഗതമാശംസിച്ച ചടങ്ങിന് യൂണിയൻ ജനറൽ സെക്രട്ടറി വിപിൻ പി.എസ്. കൃതജ്ഞത പറഞ്ഞു.

(പി.ആർ.ഒ/39/439/2021)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-23 അധ്യയനവർഷം എം.ടെക് ഇൻ നാനോസയൻസ് ആന്റ് നാനോ ടെക്‌നോളജി പ്രോഗ്രാമിൽ എസ്.സി. വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. യോഗ്യരായവർ സാക്ഷ്യപത്രങ്ങളുമായി ഏപ്രിൽ 15ന് രാവിലെ 11ന് എഡി. എ11 സെക്ഷനിൽ എത്തണം. വിശദവിവരത്തിന് വെബ്‌സൈറ്റ്: www.mgu.ac.in

(പി.ആർ.ഒ/39/440/2021)

**നജീബ് എം.**